എം.റ്റി. (1) 6422/2017. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 27.07.2017

## സർക്കുലർ നമ്പർ 36/2017

വിഷയം: സഹകരണ വകുപ്പ്- എറണാകുളം ജില്ലയിലെ സഹകരണ സംഘങ്ങൾ തൃക്കാക്കര മുനിസിപ്പൽ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ഇ. 993 ന്റെ ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1. തൃക്കാക്കര മുനിസിപ്പൽ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ.ഇ 993 ന്റെ ഭരണസമിതിയുടെ 16.01.2017 ലെ 194 (2) -ാം നമ്പർ തീരുമാനം.
2. എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 01.02.2017 ലെ എച്ച്.എം. 5219/16 നമ്പർ കത്ത്.

*********

തൃക്കാക്കര മുനിസിപ്പൽ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ഇ.993 ന്റെ വികസനാവശ്യത്തിന് ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിൽ ഓഹരി എടുക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് സൂചന (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ നിയമാവലി വകുപ്പ് 5 (ബി) പ്രകാരം പ്രവർത്തന പരിധിയിലുള്ള സഹകരണ സംഘങ്ങൾക്ക് ടി സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969 ലെ സഹകരണ നിയമം വകുപ്പ് 57 (സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സൂചന (2) പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ടി സംഘത്തിന്റെ അപേക്ഷ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

മേൽ അപേക്ഷയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ തൃക്കാക്കര മുനിസിപ്പൽ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ. ഇ 993 ന്റെ വികസനാവിശ്യത്തിനായി ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും

ബാങ്കിംഗ് റഗുലൈസേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ എറണാ കുളം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾ അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണസമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തൃക്കാക്കര മുനിസിപ്പൽ സഹകരണ ആശുപത്രി സംഘത്തിന്റെ ഓഹരി എടുക്കുന്നതിന് ഇതിനാൽ അനുവാദം നൽകുന്നു.

(ഒപ്പ്),
എസ്. ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സെക്രട്ടറി,
   തൃക്കാക്കര മുനിസിപ്പൽ സഹകരണ ആശുപത്രി സംഘം
   ക്ലിപ്തം നമ്പർ ഇ.993, കാക്കനാട്.പി.ഒ., കൊച്ചി, എറണാകുളം.
2. എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ.
3. എറണാകുളം ആഡിറ്റ് ഡയറക്ടർ.
4. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ.
5. സ്റ്റോക്ക് ഫയൽ/ സ്പെയർ.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)

പി.കെ. 03.08.2017.